(ബി) ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിരുന്നോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാന സർക്കാരിന്റെ ഏത് സാമ്പത്തിക ചട്ടപ്രകാരമാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന് വിശദമാക്കാമോ ;

(ഇ) ഈ കാര്യത്തിൽ സാമ്പത്തിക നടപടി ക്രമത്തിന്റെ ലംഘനം ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ-ഇ) ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

ബഡ്ജറ്റ് പദ്ധതികൾ

95 (100) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റുകളിലൂടെ പുതുതായി പ്രഖ്യാപിക്കപ്പെട്ട മൊത്തം പദ്ധതികൾ എത്രയായിരുന്നു ; അവയിൽ പൂർണ്ണമായും നടപ്പിലാക്കപ്പെട്ടവ എത്ര ; ഭാഗികമായി നടപ്പിലാക്കപ്പെട്ടവ എത്ര ; ഭരണാനുമതി നൽകിയെങ്കിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവ എത്ര ; ഓരോ വർഷവും നടപ്പിലാക്കാൻ സാധിക്കാതെ പോയവ എത്ര; വിശദമാക്കുമോ ;

(ബി) എല്ലാ ബഡ്ജറ്റുകളിലും കൂടിയുള്ള മൊത്തം ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക എത്ര; ഇതിൽ പദ്ധതി നടത്തിപ്പുകൾക്കായി പിൻവലിക്കപ്പെട്ട തുക എത്ര; പിൻവലിക്കപ്പെട്ട തുകയിൽ ഇപ്പോഴും വിനിയോഗിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ കിടക്കുന്നവ മൊത്തം എത്ര കോടി രൂപയാണ് ; വിശദമാക്കുമോ ;

(സി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏറ്റവും പിന്നോക്കമായിരുന്ന വകുപ്പുകൾ ഏതൊക്കെയായിരുന്നു ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2011-12 മുതൽ 2015-16 വരെ എല്ലാ ബഡ്ജറ്റിലുംകൂടി പദ്ധതി/ പദ്ധതിയേതര ഇനങ്ങളിലായി ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക 438760.66 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ പദ്ധതി നടത്തിപ്പുകൾക്കായി 2015 സെപ്റ്റംബർവരെ പിൻവലിച്ച തുക 52703.47 കോടി രൂപയാണ്. വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ട്രഷറിയിൽനിന്നും പിൻവലിക്കപ്പെടുകയും എന്നാൽ ട്രഷറി അക്കൗണ്ടുകളിൽ ചെലവാകാതെ കിടക്കുകയും ചെയ്യുന്ന തുക 404.88 കോടി രൂപയാണ്.

(സി) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സമർപ്പിച്ച കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ പിന്നോക്കം നിൽക്കുന്ന റവന്യൂ, ജലവിഭവം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 34 ശതമാനം, 44 ശതമാനം എന്നിങ്ങനെ ആയിരുന്നു. 2012-13 സാമ്പത്തിക വർഷം ഭവന നിർമ്മാണം, റവന്യൂ, പൊതുഭരണം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 43 ശതമാനവും 40 ശതമാനവും 11 ശതമാനവും മാത്രമായിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ നിയമവകുപ്പിലെ പദ്ധതി ചെലവ് 17 ശതമാനവും ആസൂത്രണ വകുപ്പിലേത് 8 ശതമാനവും റവന്യൂ വകുപ്പിലേത് 32 ശതമാനവും പബ്ലിക് റിലേഷൻസ് വകുപ്പിലേത് 43 ശതമാനവുമായിരുന്നു. 2014-15 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ കുറവ് രേഖപ്പെടുത്തിയ വകുപ്പുകൾ പരിസ്ഥിതി (41 ശതമാനം), ഭക്ഷ്യ പൊതുവിതരണം (28 ശതമാനം), വ്യവസായം (38 ശതമാനം), തുറമുഖം (48 ശതമാനം), റവന്യൂ (20 ശതമാനം), ജലവിഭവം (46 ശതമാനം), ഭവന നിർമ്മാണം (42 ശതമാനം) എന്നിവയായിരുന്നു.

പെൻഷൻ പ്രായം

96 (101) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായമാണ് ഉയർത്തിയിട്ടുള്ളത്, വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly